പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3823 | 19.02.2013 - ൽ മറുപടിയ്ക്ക്

## നാൽപ്പാടി വാസു വധക്കേസിൽ പുനരന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് നാൽപ്പാടി വാസു വധക്കേസിൽ ബന്ധുക്കളുടെ നിവേദനം ലഭിച്ചാൽ പുനരന്വേഷണം നടത്തുമെന്ന് ആഭ്യന്തര വകുപ്പു മന്ത്രി പ്രസ്താവന നടത്തിയിരുന്നോ; | (എ) | നിവേദനം ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് പ്രസ്താവിച്ചിരുന്നു. |
| (ബി) | ഈ ആവശ്യം ഉന്നയിച്ച് നാൽപ്പാടി വാസുവിന്റെ ബന്ധുക്കൾ ആഭ്യന്തര മന്ത്രിയ്ക്ക് നിവേദനം നൽകിയിരുന്നോ; | (ബി), (സി), (ഡി), (ഇ) & (എഫ്) | നാല്പാടി വാസു വധക്കേസ് പുനരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സഹോദരൻ മുമ്പ് സമർപ്പിച്ച നിവേദനം പരിശോധിക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശയിന്മേൽ കേസ് പുനരന്വേഷണം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയത് പ്രകാരം 31.01.1997 മുതൽ സി.ബി.സി.ഐ.ഡി. കണ്ണൂർ യൂണിറ്റിൽ അന്വേഷണം നടത്തി ശ്രീ. കെ. സുധാകരനെ 12-ാം പ്രതിയാക്കി ചേർത്തുകൊണ്ട് അന്വേഷണം നടത്തി കുറ്റപത്രം മട്ടന്നൂർ കോടതി മുമ്പാകെ സമർപ്പിക്കുകയും തുടർന്ന് ടി കേസ് തലശ്ശേരിയിലേക്ക് കമ്മിറ്റ് ചെയ്യുകയും ചെയ്തിരുന്നു. 22.01.2000-ൽ അഡീ. സെഷൻസ് കോടതി 12 പ്രതികളെയും വെറുതെ |

| | |
|---|---|
| | വിട്ടുകൊണ്ട് ഉത്തരവാകുകയും അതിനെതിരെ വാദിഭാഗം ബഹു: ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. 31.01.2006ൽ കീഴ്ക്കോടതി ഉത്തരവ് ശരിവച്ചു കൊണ്ട് ബഹു: ഹൈക്കോടതി ഉത്തരവായിരുന്നു. ഹൈക്കോടതി വിധിക്കെതിരെ ബഹു: സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുന്നതിന് സ്കോപ്പ് ഇല്ലെന്ന് നിയമോപദേശം ലഭിച്ചിരുന്നു.<br><br>മേൽപ്പറഞ്ഞ സാഹചര്യത്തിൽ നൽപ്പാടി വാസു വധക്കേസിൽ പുനരന്വേഷണത്തിന് സാധ്യത ഇല്ലെന്ന് 18.10.2012 ലെ സർക്കാർ കത്തു പ്രകാരം ശ്രീ. നാല്പാടി രാജനെ അറിയിക്കുകയാണുണ്ടായത്. |
| (സി) ഇതേത്തുടർന്ന് ഈ കേസ് പുനഃരന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | |
| (ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പുനരന്വേഷണം നടത്താത്തത് എന്ന് വ്യക്തമാക്കുമോ; | |
| (ഇ) പുനരന്വേഷണത്തിനെതിരായ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | |
| (എഫ്) എങ്കിൽ ആരാണ് ഈ നിയമോപദേശം നൽകിയതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ